ജാതിസർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

175 (8235) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ജാതി സർട്ടിഫിക്കറ്റ് നൽകുണമെങ്കിൽ കുലത്തൊഴിൽ വൈദഗ്ധ്യം പ്രകടമാക്കണം എന്നാവശ്യപ്പെട്ട ഇരുട്ടി തഹസീൽദാരുടെ നിലപാട് സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ;

(ബി) പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ.;

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന ആളാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഇവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് കീർത്താഡ്സ് ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ഡി) മിശ്രവിവാഹിത ദമ്പതികളുടെ ഒരു പങ്കാളി പട്ടികജാതിയിലുൾപ്പെട്ട താണെങ്കിൽ ഇവർക്ക് പട്ടികജാതി ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതു കോടതിയാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ ; പ്രസ്തുത വിധിയിൽ അപാകതകളുണ്ടെങ്കിൽ അതത് പരിഹരിച്ച് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത്, പട്ടികജാതി-പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ നൽകുന്നതും നൽകിയവ ക്രമപ്പെടുത്തുന്നതും 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രം നൽകൽ ക്രമപ്പെടുത്തൽ ആക്ട് (Act 11/1996) പ്രകാരമാണ്. പ്രസ്തുത ആക്ടിലെ സെക്ഷൻ 4 പ്രകാരം സമുദായ സാക്ഷ്യപത്രം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ ആയത് നൽകുന്നതിന് ക്ഷമതയുള്ള അധികാരി മുമ്പാകെ അപേക്ഷ നൽകേണ്ടതാണ്. ആയതിന്മേൽ അപേക്ഷകന്റെ

LIBRARY ARCHIVES Kerala Legislative Assembly

അവകാശം പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ട് ക്ഷമതയുള്ള ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട തഹസീൽദാർ സാക്ഷ്യപത്രം നൽകിവരുന്നു.

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന വ്യക്തിയാണെങ്കിൽ അവകാശപ്പെടുന്ന സമുദായത്തിനോടുള്ള ആഭിമുഖ്യം, ആചാരമര്യാദകൾ പാലിക്കപ്പെടുന്ന സാഹചര്യങ്ങളും മറ്റും പരിശോധിച്ച് അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിവരുന്നു. 20-11-2008-ലെ സ.ഉ.(എംഎസ്.)109/2008/പജ.പവ.വി.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ് സർട്ടിഫിക്കറ്റ് നൽകിവരുന്നത്. കിർത്താഡ്സിൽനിന്നും ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്, കേരള ഹൈക്കോടതിയുടെ 10-8-2005-ലെ വിധിന്യായം (ഇന്ദിര Vs. സ്റ്റേറ്റ് ഓഫ് കേരള) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* മിശ്രവിവാഹ ദമ്പതികളുടെ കുട്ടികളുടെ പട്ടികജാതി/പട്ടികവർഗ്ഗ അവകാശവാദവുമായി ബന്ധപ്പെട്ട വിഷയം വകുപ്പിൽ സമഗ്രമായി പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടിതയുടെ 18-1-2012-ലെ, രമേഷ്ഭായി ദബായി നായിക Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസ്സിലെ, (C.A. No. 654/2012) വിധിന്യായ പ്രകാരമാണ് ഇപ്പോൾ മിശ്രവിവാഹിതരുടെ മക്കൾക്ക് സമുദായ സാക്ഷ്യപത്രം അനുവദിച്ചു വരുന്നത്.

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം

176 (8236) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് ധനസഹായം നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) നിലവിൽ നൽകിവരുന്ന തുക അപര്യാപ്തമാണെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly